Malayala Manorama 28-12-18, p-2

# ഒറ്റപ്പിലാവ് പാടത്ത് ബ്ലാസ്റ്റ് രോഗം; കതിരെല്ലാം പതിര്

പെരുമ്പിലാവ് • ഒറ്റപ്പിലാവ് തണത്തറ പാലത്തിനു സമീപമുള്ള പാടശേഖരത്തിൽ പരക്കെ ഫംഗസ് ബ്ലാസ്റ്റ് രോഗം. രോഗം ബാധിച്ച ചെടികളിൽ ഇലയും തണ്ടും കതിരും കരിഞ്ഞു നശിച്ച നിലയിലാണ്. 10 ഏക്കറോളം പാടത്തെ കതിർ വന്നു നിൽക്കുന്ന നെൽ ചെടികളിൽ രോഗം മൂലം മണി ഇല്ലാതെ പതിരായെന്നു കർഷകർ പറയുന്നു.

ഇലകളിൽ തീപ്പൊള്ളലേറ്റ രൂപത്തിൽ കറുപ്പും ചുവപ്പും പാടു ബാധിച്ച് ഉണങ്ങി നശിക്കുന്ന രീതിയാണു ബ്ലാസ്റ്റ് രോഗം. ഈ പാടുകൾ പെട്ടെന്നു വളരുകയും തൊട്ടടുത്ത ചെടികളിലേക്കു വളരെ വേഗം പരക്കുകയും ചെയ്യും.

ഉയർന്ന രോഗ പ്രതിരോധ ശേഷിയുള്ള വിത്തിനമായ ഉമ യാണു ഇവിടെ കൃഷി ചെയ്തിട്ടുള്ളത്.

കൃഷി വകുപ്പു നിർദേശിച്ച മരുന്നു തളിച്ചിട്ടും രോഗം നിയന്ത്രിക്കാൻ സാധിക്കാത്തതു കർഷകരെ ആശങ്കയിലാക്കിയിട്ടുണ്ട്.

രോഗം പടർന്നു കഴിഞ്ഞാൽ കീടനാശിനി പ്രയോഗം കൊണ്ടു കാര്യമായ ഫലമുണ്ടാവില്ലെന്നാണു വിദഗ്ധരുടെ അഭിപ്രായം.

ശീമക്കൊന്ന ചെടികൾ കൊണ്ടുള്ള ജൈവ വേലികൾ നിർമിക്കുന്നതും നിലം ഉഴുമ്പോൾ വേപ്പിൻ പിണ്ണാക്ക് അടിവളമായി ഇട്ടുകൊടുക്കുന്നതും ഇത്തരം ഫംഗസ് ബാധകൾ ചെറുക്കാൻ ഫലപ്രദമാണെന്നു പഴയകാല കർഷകർ പറഞ്ഞു.



ഒറ്റപ്പിലാവ് തണത്തറ പാലത്തിനു സമീപമുള്ള പാടശേഖരത്തിലെ നെൽച്ചെടികളിൽ ബ്ലാസ്റ്റ് രോഗം ബാധിച്ച നിലയിൽ.